LIBRARY ARCHIVES Kerala Legislative Assembly

**വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ ക്വാർട്ടേഴ്സ്**

**242 (4866)** പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) റീമുകൾ സൂക്ഷിക്കുവാനുള്ള ഗോഡൗണിന്റെ നിർമ്മാണ പ്രവർത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിനോടനുബന്ധിച്ച് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റീൽപേപ്പൽ ഗോഡൗൺ നിർമ്മാണത്തിനുള്ള 38 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത്വകുപ്പ് ചീഫ് എൻജിനീയർ നൽകിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം, ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ, സമർപ്പിയ്ക്കുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ**

**243 (4867)** ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് താലൂക്ക്. ഓഫീസ് വഴി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ഗസറ്റ് പ്രസിദ്ധീകൃതമാകുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പരാതി ബോധിപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗസറ്റുകൾ താലൂക്ക് ഓഫീസിൽ താമസിച്ച് എത്തുന്നതുമൂലം യഥാർത്ഥ അവകാശികൾക്ക് അർഹത നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി ഗസറ്റ് പ്രസിദ്ധീകൃതമായതിനുശേഷം ഒരു മാസത്തിനുള്ളിൽ തന്നെ താലൂക്ക് ഓഫീസിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?